**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ് പ്രതിക്കെതിരെയുള്ള ഗൂഢാലോചന കേസിന്മേൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി 2016-ൽ നടത്തിയ വിദേശ സന്ദർശനത്തിനിടെ കറൻസി കടത്തിയെന്ന സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | അത്തരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോടതിയിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയ സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിക്കെതിരെ സംസ്ഥാന പോലീസ് ഗൂഢാലോചന ആരോപിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) | സ്വർണ്ണ കള്ളക്കടത്ത് കേസിലെ പ്രതിയായ വനിത മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെ തുടർന്ന് ശ്രീ.കെ.ടി.ജലീൽ എം.എൽ.എ നൽകിയ പരാതിയിന്മേൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ.സി.പി.പ്രമോ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടീമിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-ക്കാണ്. നിലവിൽ കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) | ഒരു വർഷം വരെ തടവ് ലഭിക്കാവുന്ന ഗൂഢാലോചന ആരോപിച്ച കേസിൽ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ? | (സി) | (ബി) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ